(സി) പട്ടയം അനുവദിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

(ഡി) കടലും കായലും അതിർത്തികൾ നിശ്ചയിക്കുന്ന ദ്വീപ് എന്നത് കണക്കിലെടുത്തും, വർഷങ്ങളായി സ്ഥിരതാമസമാണെന്ന വസ്തുത പരിഗണിച്ചും പട്ടയം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുറമ്പോക്കുഭൂമി കൈവശം വച്ച് വീടുവച്ച് താമസിക്കുന്നവർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം ഭൂമി പതിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 68 അപേക്ഷകൾ .

(സി&ഡി) പ്രസ്തുത അപേക്ഷകളിൽ കൂടുതലും തീരദേശ പരിപാലന നിയമത്തിൽ അനുശാസിക്കുന്ന പരിധിയിൽ വരുന്നവയായതിനാലാണ് കാലതാമസം നേരിടുന്നത്.

ഭൂരഹിതരില്ലാത്ത കേരളം

184(3106) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട് ; ഇതിൽ ജില്ലയിലുള്ളവർ എത്ര ; ജില്ലയ്ക്ക് പുറത്തുള്ളവർ എത്ര ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പൊതുസ്ഥലങ്ങളും മറ്റും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻകീഴിൽ അളന്ന് നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) നൽകിയ ഭൂമിയിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്ത സ്ഥലമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽതന്നെ കാസർഗോഡ് ജില്ലയിൽനിന്ന് കണ്ടെത്തിയിരുന്ന 10,271 ഗുണഭോക്താക്കൾക്കും പട്ടയം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മറ്റു ജില്ലകളിൽനിന്നുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ പട്ടയം അനുവദിച്ചിട്ടില്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ പൊതുസ്ഥലങ്ങൾ നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാസയോഗ്യമായതും ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകാൻ കഴിയുന്നതുമായ ഭൂമികൾ തെരഞ്ഞെടുത്താണ് പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അനുവദിച്ച പ്ലോട്ടുകൾ മാറ്റി നൽകണമെന്ന തരത്തിൽ ജില്ലയിൽ 115 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം

185(3107) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിയുടെ ഭാഗമായി ആരെല്ലാം ഏതൊക്കെ സ്ഥാപനങ്ങൾ ഭൂരഹിതർക്ക് ഭൂമി നൽകാനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട് ; എത്ര സെന്റ് വീതം ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഭൂമി ഇല്ലാത്ത അവശേഷിക്കുന്നവർക്കും ഭൂമി നൽകുവാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഭൂമി ഇല്ലാത്ത അവശേഷിക്കുന്നവർക്കും ഭൂമി നൽകുവാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?